# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

RCS/20/2020-EA(1) തിരുവനന്തപുരം, തീയതി, 22.06.2020

website: www.cooperation.kerala.gov.in
e-mail: keralarcs.coop@kerala.gov.in

വിഷയം: സഹകരണ വകുപ്പ് - ജീവനക്കാര്യം - സീനിയർ ക്ലർക്ക്/യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും - തസ്തിക മാറ്റം വഴി ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേക്ക് നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം: 1. സർക്കാറിന്റെ 24.07.1962 ലെ ജി.ഒ.(എം.എസ്) 387/62/പി ഡി നമ്പർ ഉത്തരവ്.

2. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഭരണ വിഭാഗം ഡെപ്യൂട്ടി രജിസ്ട്രാറുടെ 15.06.2020 ലെ ഇ.എ(5) 1547/2020 നമ്പർ അനൗദ്യോഗിക കുറിപ്പ്.

പരാമർശം (1) ഉത്തരവിന് വിധേയമായി സഹകരണ വകുപ്പിൽ ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേക്ക് തസ്തിക മാറ്റം മുഖേന നിയമനം ലഭിക്കുന്നതിലേക്കായി യോഗ്യത നേടിയിട്ടുള്ള സീനിയർ ക്ലർക്കിന്റെ പേരു വിവരം പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

## ഉത്തരവ്

സഹകരണ വകുപ്പിലെ താഴെ പേരു പറയുന്ന സീനിയർ ക്ലർക്കിനെ 27800-59400 രൂപ ശമ്പള നിരക്കിൽ സഹകരണ സംഘം ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേക്ക് തസ്തിക മാറ്റം മുഖേന നിയമനം നൽകി ടിയാന്റെ പേരിന് നേരെ കോളം നമ്പർ 4-ൽ പറഞ്ഞിരിക്കുന്ന ഉദ്യോഗസ്ഥന്റെ നിയന്ത്രണത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു. ഇൻസ്പെക്ടർമാരെ ആഡിറ്റർമാരായി നിയമിക്കുമ്പോൾ കേരള സഹകരണ ചട്ടം 64 (എ) പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യത ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

| ക്രമ നം. | പേരും, തസ്തികയും | ഇപ്പോഴത്തെ നിയന്ത്രണ ഉദ്യോഗസ്ഥൻ | തസ്തിക മാറ്റം മുഖേന ഉദ്യോഗക്കയറ്റം നൽകി നിയമിക്കപ്പെടുന്ന നിയന്ത്രണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. പത്മകുമാരൻ പിള്ള.ജി., സീനിയർ ക്ലർക്ക് | ജോയിന്റ് രജിസ്ട്രാർ (ജനറൽ), തിരുവനന്തപുരം | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), എറണാകുളം |

ടി ഉദ്യോഗസ്ഥനെ വിടുതൽ ചെയ്തതും, ജോലിയിൽ പ്രവേശിപ്പിച്ചതുമായ വിവരം ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥൻ യഥാസമയം ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ഡി. കൃഷ്ണകുമാർ
അഡീഷണൽ രജിസ്ട്രാർ (ജനറൽ)

വ്യക്തിക്ക്: (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)

പകർപ്പ്:-

1) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2) ജോയിന്റ് രജിസ്ട്രാർ (ജനറൽ), തിരുവനന്തപുരം
3) ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), എറണാകുളം
4) ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) ടെ മേശപ്പുറത്ത്
5) ഇ.എ(5)/ഇ.എ(2) സെക്ഷനുകൾക്ക്
6) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)

)